# അക്കാദമിക മാസ്റ്റർ പ്ലാൻ

വേങ്കോട് L.P.S
വർക്കല ഉപജില്ലാ
ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല
തിരുവനന്തപുരം ജില്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ (AMP)

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറി. നമ്മുടെ വിദ്യാലയം ഭാവിയിൽ എങ്ങനെയായി തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന ഒരു രേഖയാണിത്. ഇതിന് മൂന്ന് ഘട്ടങ്ങൾ.

1. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.
2. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ലക്ഷ്യങ്ങൾ
3. ആ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തന പദ്ധതി.

ഈ ലക്ഷ്യം നേടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, രക്ഷകർത്താക്കളുടേയും, വിദ്യാഭ്യാസ പ്രവർത്തകരുടേയും, അധ്യാപകരുടേയും കൂട്ടായ പ്രയത്നം ആവശ്യമാണ്. പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വികസിപ്പിക്കുമ്പോഴാണ് പ്രസ്തുത പദ്ധതി ആ വിദ്യാലത്തിന്റെ സമഗ്രവികസനത്തിനായുള്ള വിദ്യാലയ വികസന പദ്ധതിയായി മാറുന്നത്. നമ്മുടെ പൊതു വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാണ് അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ, വർക്കല താലൂക്കിൽ ഇലകമൺ പഞ്ചായത്തിൽ 7-ാം വാർഡിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇലകമൺ, ചെമ്മരുതി, നാവായികുളം, കല്ലുവാതുക്കൽ എന്നീ നാലു പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിലെ കുട്ടികളാണ് അധികവും ഇവിടെ പഠിക്കുന്നത്. ഏകദേശവും 90% പട്ടികജാതിയിൽപ്പെട്ടകുട്ടികളാണ്. സാമ്പത്തികമായി വളരെ പിൻന്നാക്കം നിൽക്കുന്ന മറ്റു സമുദായത്തിൽപ്പെട്ട കുട്ടികളാണ് ബാക്കിയുള്ളവർ.

1958 ജൂലൈ 15-ാം തീയതിയാണ് ഇവിടെ ആദ്യമായി ക്ലാസ്സ് ആരംഭിച്ചത്. അക്കാലത്ത്, ചാവർകോട് പ്രദേശത്ത് അനുവദിച്ച സർക്കാർ -പ്രൈമിറ സ്കൂളിന് വസ്തു നൽകാൻ ആരും തയ്യാറാകാത്തതിനാൽ അത് നാവായിക്കുളം പഞ്ചായത്തിലെ വെട്ടിയറ എന്ന സ്ഥലത്ത് സ്ഥാപിതമായി. പിന്നീട് ചാവർകോട് കേശവൻ വൈദ്യർ എന്ന മഹദ് വ്യക്തിയുടെ വസ്തു വേങ്കോട് പ്രദേശത്ത് അദ്ദേഹം സൗജന്യമായി വിട്ടുകൊടുക്കുകയും, അവിടെ ഒരു ട്രസ്റ്റ് രൂപീകരിച്ച് ഈ സ്കൂൾ സ്ഥാപിതമായി. ആദ്യമായി ഇവിടെ ജോലിയിൽ ചേർന്ന അധ്യാപകരെല്ലാം

ചേർന്ന് കെട്ടിടം നിർമ്മിച്ചു നൽകി. അക്കാലത്ത് ഈ പ്രദേശത്തെ മുഴുവൻ ജനങ്ങളും ഇവിടെയാണ് വിദ്യാഭ്യാസം നടത്തിയിരുന്നത്. പിൽക്കാലത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം സ്കൂളിനെ ശോചനീയാവസ്ഥയിലെത്തിച്ചു. 2017-2018 അധ്യായന വർഷത്തിൽ 59 കുട്ടികളാണ് പഠിക്കുന്നത്. അതിൽ 36 ആൺകുട്ടികളും, 23 പെൺകുട്ടികളുമാണ് ഇലകമൺ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നത്. ഈ വിദ്യാലയത്തിൽ ഭൗതിക സാഹചര്യമൊരുക്കാൻ മാനേജ്മെന്റും, പഞ്ചായത്തും വിമുഖത കാട്ടുകയാണ്. പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാരെന്നോ, സ്വകാര്യമെന്നോ വിവേചനം കല്പിക്കാതെ, പാവപ്പെട്ട രക്ഷിതാക്കളുടെ കുട്ടികൾ പഠിക്കുന്ന വിദ്യാലയം എന്നു മാത്രം കണ്ടുകൊണ്ട് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ, പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പിലാക്കേണ്ടതാണ്.

അധ്യാപകർക്കായി സ്കൂൾ മാനേജ്മെന്റ് ക്ലാസ്സ് മാനേജ്മെന്റ്, മനശാസ്ത്രം എന്നീ വിഷയങ്ങളിൽ വർഷത്തിലൊരിക്കലെങ്കിലും പരിശീലനം നൽകേണ്ടതാണ്. അതുപോലെ തന്നെ കലാ-കായിക പരിശീലനവും.

ശിശു സൗഹൃദ വിദ്യാലയത്തിനുവേണ്ട സൗകര്യങ്ങളിൽ കുട്ടികൾക്ക് എഴുതാൻ സൗകര്യപ്രദമായ രീതിയിലുള്ള ബ്ലാക്ക്ബോർഡുകളുണ്ട്, ഇരിപ്പിടങ്ങളും, പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്. ക്ലാസ്സുകൾ വേർതിരിക്കാൻ മറ ആവശ്യമാണ്. പുസ്തകങ്ങൾ ഇനം തിരിച്ച് പ്രദർശിപ്പിക്കുന്നതിനാവശ്യമായ അലമാരകൾ, റാക്കുകൾ എന്നിവ ആവശ്യമാണ്. ലാബ് ഉപകരണങ്ങൾ കൂടുതൽ ആവശ്യമാണ്. പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ മെച്ചപ്പെട്ട നിലവാരം പുലർത്തിവരുന്നു. കായിക പ്രവർത്തനങ്ങളിലും മത്സരങ്ങളിലും പെൺകുട്ടികൾ മുൻപന്തിയിലാണ്. ഇക്കഴിഞ്ഞ കലാ-ശാസ്ത്ര മേളകളിൽ പെൺകുട്ടികളാണ് കൂടുതൽ ഗ്രേഡ് കരസ്ഥമാക്കിയത്. ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ പെൺകുട്ടികൾ സ്വയം നേതൃത്വം ഏറ്റെടുക്കുന്നു. ശുചീകരണ പ്രവർത്തനങ്ങളിലും പെൺകുട്ടികൾ തന്നെയാണ് മുൻപന്തിയിൽ. സ്കൂൾ അസംബ്ലിയിൽ പ്രതിജ്ഞ ചൊല്ലൽ, വാർത്ത വായന, പ്രാർത്ഥന ജൈവ വൈവിധ്യപാർക്കിന്റെ മേൽനോട്ടം, പരിപാലനം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളിലും ഇവരുടെ മേൽക്കോയ്മ തന്നെയാണ്.

പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എല്ലാ ക്ലാസിലേയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം ക്ലാസ്സുകൾ നടത്തിവരുന്നു. (മലയാളത്തിളക്കം, ശ്രദ്ധ) പട്ടികജാതി വിദ്യാർത്ഥികളുടെയെല്ലാം രക്ഷിതാക്കളെ അധ്യാപകർക്ക്

നേരിട്ടറിയാവുന്നതുകൊണ്ട് കുടുംബ സാഹചര്യം മനസ്സിലാക്കി ഓരോ കുട്ടിയേയും പരിഗണിച്ചു വരുന്നു. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നവരിൽ 95% പേരെങ്കിലും ബാലവേല ചെയ്യേണ്ടി വരുന്ന കുട്ടികളാരും തന്നെയില്ല. എല്ലാദിവസവും കുട്ടികളെ സ്കൂളിലേയ്ക്കയക്കാൻ രക്ഷിതാക്കൾ പ്രത്യേക താൽപര്യം കാണിക്കുന്നു. അതിന്റെ പ്രധാന കാരണങ്ങൾ സ്കൂളിലെ പ്രഭാത ഭക്ഷണവും, ഉച്ചഭക്ഷണവും തന്നെയാണ്. ഇതിനൊക്കെപ്പുറമേ കുട്ടികളോടും രക്ഷിതാക്കളോടുമുള്ള അധ്യാപകരുടെ സമീപനവും എടുത്തു പറയേണ്ടതാണ്.

ക്ലാസ്സ് പി.റ്റി.എ യിലെ പങ്കെടുക്കുന്ന രക്ഷിതാക്കളിൽ 95% പേരും സ്ത്രീകളാണ്. പുരുഷന്മാരുടെ പങ്കാളിത്തം തീരെയില്ലാത്ത അവസ്ഥയും ഉണ്ടായിട്ടുണ്ട്. കൂലിപ്പണിക്കാരായ രക്ഷിതാക്കളാണെങ്കിലും കുട്ടികളുടെ ആരോഗ്യ കാര്യങ്ങളിൽ പ്രത്യേക താൽപര്യം കാണിക്കുന്നുണ്ട്. വർഷത്തിൽ ഒന്നോ, രണ്ടോ തവണ പ്രാധമികാരോഗ്യ കേന്ദ്രത്തിൽ നിന്നും കുട്ടികളെ പരിശോധിച്ച് പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുന്നുണ്ട്. സ്കൂളിന്റെ ദൈനംദിന കാര്യങ്ങളിലും മറ്റും മാനേജ്മെന്റിന് തീരെ താൽപര്യമില്ലാത്തതിനാൽ പരിചയപ്പെടാനും, ഉപയോഗം മനസ്സിലാക്കാനും, അടുത്തറിയാനുമായി ഇതിന്റെ തുടർച്ചയായി ഒരു ഔഷധത്തോട്ടത്തിന്റെ നിർമ്മാണത്തിന് തുടക്കം കുറിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ നട്ടതിനൊപ്പം ചെറിയൊരു പൂന്തോട്ടവും നിർമ്മിച്ചു.

കിണറിനു സമീപത്തായി മഴക്കുഴികൾ തൊഴിലുറപ്പുപദ്ധതിയുടെ സഹായത്തോടെ നിർമ്മിച്ചു. ഇതുവരെ കഴിഞ്ഞ വർഷങ്ങളിലെപ്പോലെ ജലദൗർലഭ്യം അനുഭവപ്പെടാതിരുന്നത്. ഇതിന്റെ ഭാഗമായിട്ടാകാം കുട്ടികൾ കൈകഴുകുന്ന വെള്ളം പാഴാക്കാതെ ഓരോ സസ്യത്തിനും പ്രയോജനപ്രദമാക്കി.

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഉന്നതനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടു പോകാനും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുകയുമാണ് ഈ മാസ്റ്റർപ്ലാനിന്റെ ലക്ഷ്യം.

എല്ലാ പദ്ധതികളെയും ഉൾക്കൊണ്ടുകൊണ്ട് മുന്നേറുന്ന ജി.എ.പി.എസ് വെളിയങ്കോടിലെ അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം, കുട്ടികൾ എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരാം എന്ന് തീരുമാനിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : L.P.S വേങ്കോട്

മേൽവിലാസം : ചാവർകോട്
പാരിപ്പള്ളി . P.O

സ്കൂൾ കോഡ് : 42235

വിദ്യാഭ്യാസ ഉപജില്ല : വർക്കല.

വിദ്യാഭ്യാസ ജില്ല - T.V.M.

ബി.ആർ.സി - വർക്കല.

ഗ്രാമപഞ്ചായത്ത് - ഇലകമൺ.

ബ്ലോക്ക് പഞ്ചായത്ത് - വർക്കല.

താലൂക്ക് - വർക്കല

വില്ലേജ് - അയിരൂർ.

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. ഓരോ കുട്ടിയും ഉന്നതനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായനക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

5. യോഗ പരിശീലനത്തിന് പ്രാധാന്യം.

6. ജൈവവൈവിധ്യ ഉദ്യാന പരിപാലനം.

7. മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റചട്ടം, പ്ലാസ്റ്റിക് സ്വതന്ത്ര ക്യാമ്പസ് നി~~[illegible]~~. ഭക്ഷണ ശുചിത്വം, വേസ്റ്റ് management, ഇവയെല്ലാം ക്രമമായി നടപ്പാക്കൽ.

8. ഇംഗ്ലീഷ് Assemblyക്ക് പ്രാധാന്യം.

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം.

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക
3. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
4. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിന് കഴിവ് നേടുക.
5. മികച്ച വായനശീലം വളർത്തുക.

### ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാ
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്രവായനക്ക് സജ്ജരാക്കുക
4. 1, 2, ക്ലാസിലെ കുട്ടികൾക്ക് Activity - book കൾ പ്രയോജനപ്പെടുത്തുന്നു.

# ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക
4. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## I.T സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ പരമാവധി പ്രയോജനപ്പെടുത്തുക
2. കുട്ടികൾ സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് ഉണ്ടാക്കുക.

5. ക്ലാസ് തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവ ഒരുക്കി ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

6.

## **പരിസര പഠനം**

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിൻ്റെ പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ, സാധ്യതകൾ ശാസ്ത്രത്തിനായി പ്രയോജനപ്പെടുത്തുക.

സാമൂഹികാവബോധം -

1. ജനാധിപത്യ വേദികൾ ഒരുക്കുക
2. സമൂഹത്തിൻ്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
4. ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചിത്രങ്ങൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കാൻ

## കലാ പരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക

## 4 ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
3. ആരോഗ്യശീലങ്ങൾ വളർത്തുക.

## സമഗ്രപുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമുഖമായ പ്രക്രിയയാണ്. അതാത് വർഷത്തെ ശാസ്ത്രീയമായി രേഖപ്പെടുത്താനും, രേഖക്കൊണ്ട് ഉയർന്ന അധ്യയനത്തിനും, പിന്നാക്കത്തിനും വേണ്ടിയാണ് സമഗ്രപുരോഗതി രേഖ ആവിഷ്കരിച്ചിരിക്കുന്നത്.

ഇങ്ങനെ പരീക്ഷ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹിക പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, ശാരീരിക ആരോഗ്യം ഇടങ്ങിയവയെ സമഗ്രമായി വിലയിരുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

- കുട്ടിയുടെ സ്വഭാവപരമായ വളർച്ച മെച്ചപ്പെടുത്തുക.
- ബുദ്ധിവൈകല്യം, പ്രയോഗത്തിലും തിരിച്ചറിയുകയും അതനുസരിച്ച്, ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- പാഠ്യപദ്ധതികൾ, പഠനശൈലികൾ അധ്യാപന രീതികൾ മാനസികവളർച്ചാതലത്തിൽ വിലയിരു

# പ്രവർത്തന ഘട്ടങ്ങൾ

* പ്രധാന മേഖലകൾ
  - വൈജ്ഞാനികം
  - വൈകാരികം
  - സാമൂഹികം
  - ശാരീരികം
  - മാനസികം
  - ആചാരാനുവർത്തിത
  - ആശയ വിനിമയക്ഷമത
  - സഹപാഠികളുമായുള്ള ഇടപെടൽ സഹകരണം.

വിലയിരുത്തൽ ഘട്ടങ്ങൾ. നിർണ്ണയിക്കൽ

- ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
- P.T.A വിലയിരുത്തൽ.
- ക്ലാസ്സ് പ്രവർത്തനങ്ങൾ, ഉൽപന്നങ്ങൾ

കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ

മാസപരവും പാദപരവും ആയി

നിരീക്ഷണങ്ങളും വിലയിരുത്തലുകളും

രേഖപ്പെടുത്തുന്നു.

- കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാ നിര

എന്നിവ ഈ ഉദാഹരണങ്ങൾ കൃത്യമായി രേഖ

ന്നു.

## പ്രവർത്തന പദ്ധതികൾ

പ്രവർത്തനം 1
പേര് :- പുസ്തകം എന്റെ ചങ്ങാതി
മേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ കുട്ടികൾക്ക് ലൈബ്രറിയിൽ നിന്നു ലഭ്യമാക്കുന്നു. ലഘുവിവരണവും നൽകുന്നു. | ആഴ്ചയിൽ 1 ദിവസം (1 മണിക്കൂർ) | C.T | 1000 |

പ്രവർത്തനം 2
പേര് : ഉച്ചഭാഷിണി വായന
മേഖല വായന

| | | | | |
|---|---|---|---|---|
| വിമർശ വായനാശീലം വളർത്തുക, | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന. | ജൂൺ മുതൽ March വരെ | C.T | |

പ്രവർത്തനം 3
അക്ഷരക്കൂട്ടം
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക<br><br>റീഡിംഗ് തിയേറ്റർ | ഒഴിവു സമയങ്ങളിൽ വായിക്കാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു.<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | 1 വർഷം | ലൈബ്രറി കമ്മിറ്റി<br><br>C.T | 4000 |

പ്രവർത്തനം 4
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല വായന

| | | | | |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക. | സ്കൂൾ ലൈബ്രറി<br>വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ<br>സ്കൂൾ ലൈബ്രറിയെ<br>[illegible] | 1 വർഷം | P.T.A<br>പ്രാദേശിക ഗ്രൂപ്പുകൾ | 5000 |

പ്രവർത്തനം 5
പേര് : കൈയെഴുത്ത് മാഗസിൻ
ഉപമേഖല : [illegible] ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കൈയെഴുത്ത് മാസിക ഒരുക്കൽ | വർഷത്തിൽ ഒന്ന് | C.T | |
| പ്രവർത്തനം 6<br>പേര് : ക്ലാസ് തല പതിപ്പുകൾ<br>ഉപമേഖല : ലേഖനം | | | | |
| ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | മാസത്തിൽ ഒരിക്കൽ | C.T | |

പ്രവർത്തനം 7

പേര് :- എന്റെ വായനാകുറിപ്പുകൾ

ഉപമേഖല - ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനകാർഡ്) പുസ്തകം സ്കൂളിൽ നിന്ന് നൽകുന്നു. | 1 വർഷം | C.T | |

പ്രവർത്തനം 8.

പേര് :- രചനോത്സവം

ഉപമേഖല :- ലേഖനം.

| | | | | |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ. | 1 വർഷം | C.T ഭാഷാക്ലബ്ബ് | |

പ്രവർത്തനം 9
പേര് :- സർഗവേള
ഉപമേഖല :- പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകത്തെ കുറിച്ച് കുറിപ്പുകൾ വായനക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) | 1 വർഷം | C.T | |

പ്രവർത്തനം 10
പേര് :- ആശയാവതരണ രീതിയിലൂടെ സമീപനങ്ങൾ രൂപീകരിക്കുക
മേഖല :- ആശയ ഗ്രഹണം.

| | | | | |
|---|---|---|---|---|
| ആശയവിനിമയശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | Teachers | |

പ്രവർത്തനം 11
പേര് : റീഡേഴ്സ് തിയേറ്റർ
ഉപമേഖല : വായനാ വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വായനാ താല്പര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകൻ, സംഭാഷണശൈലി ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയ വായനയുടെ അവതരണം നടത്തുന്നു. | മാസത്തിൽ | C.T | |

പ്രവർത്തനം 12
പേര് : ഭാഷോത്സവം
മേഖല : ഭാഷാ കാഴ്ചവത്കരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാജ്ഞാനം പ്രോത്സാഹിപ്പിക്കുക. | ഭാഷാ, പ്രസംഗം, കഥപറയൽ, കവിതാപാരായണം, ഭാഷ പ്രോജക്ടുകൾ എന്നിവയുടെ പ്രദർശനത്തിലൂടെ കുട്ടികൾക്ക് ഭാഷാ മികവ് പ്രകടിപ്പിക്കാൻ അവസരം. | വർഷം | P.T.A പ്രദേശി കലാകൾ | |

പ്രവർത്തനം 1
പേര് : English അസംബ്ലി
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ അവതരണങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | English club | |

പ്രവർത്തനം 2
പേര് : ഇംഗ്ലീഷ് ഡയറി (3,4 class)
ഉപമേഖല : ലേഖനം

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | C.T | |

പ്രവർത്തനം 3
പേര് : Reading card work shop
വായന സാമഗ്രി
ഉപമേഖല : -

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ അവതരണങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം | രക്ഷിതാക്കളുടെ സഹായത്തോടെ ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | June | English club | |

പ്രവർത്തനം 4
പേര് :- Work sheet workshop
ഉദ്ദേശ്യം: അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും. English ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് sheet കൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | July | S.R.G | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം. 1<br>പേര് : ഗണിത ലാബ് (ഗണിതമധുരം)<br>ഉപമേഖല : ഗണിതശേഷികൾ | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികളിലും ഉറപ്പിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-206 | School/ management | |
| പ്രവർത്തനം : 2<br>പേര് : ഗണിതക്ലബ്<br>ഉപമേഖല ഗണിതശേഷികൾ | | | | |
| അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികളിലും ഉറപ്പിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിതക്ലബ് രൂപീകരിക്കൽ [illegible] നോട്ട് കാർഡുകൾ തുടങ്ങിയവ | June | C.T | |

ഗണിതം

പ്രവർത്തനം 3
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ 4/5 പ്രവർത്തനങ്ങളുടെ ശേഷികൾ ടെസ്റ്റ് ചെയ്ത് നൽകുന്നു. പിന്നോക്കം നിൽക്കുന്ന സാധ്യമായ ശേഷികൾ ഉറപ്പാക്കുന്നു. | ഓരോ ടേമിലും | C.T | |
| പ്രവർത്തനം 4<br>ഗണിതം മധുരം<br>ഉപമേഖല : ഗണിതകേളി | | | | |
| അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പ്രവർത്തനങ്ങൾ നടത്തുന്നു. ക്യാമ്പുകൾ ശില്പശാലകൾ | June to August | C.T | |

പ്രവർത്തനം 1
പേര് :- ലഘു പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) 4-ാം ക്ലാസ്
ഉപമേഖല :- ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്ര അവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ഫെബ്രുവരി മാസത്തിൽ | C.T | |
| പ്രവർത്തനം 3<br>പേര് : പരീക്ഷണകിറ്റ്<br>ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ | | | | |
| ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3, 4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിനും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സജ്ജീകരിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | മാർച്ച് [illegible] മുതൽ മാർച്ച് വരെ | C.T | |

പ്രവർത്തനം 1

പേര് ലഹരി:- രാസലഹരി, മയക്കുമരുന്ന് അടിമകൾ

ഉദ്ദേശ്യം :- ശാരീരിക, മാനസിക ആരോഗ്യ ബോധവത്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ മാരകം ആസക്തിക്കെതിരെ കൂടുതൽ ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവത്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രദർശനം ഉപദേശക സംവാദങ്ങൾ പോസ്റ്റർ നിർമ്മാണം കട്ടൗട്ട് പ്രകടനങ്ങൾ എന്നിവയുടെ വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യയന വർഷ തുടക്കം | ആരോഗ്യ വകുപ്പ് police SITC | ക്ലബ്ബ് ഫണ്ടുകൾ, സ്പോൺസർ |

പ്രവർത്തനം. 1

മേഖല: വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല: അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ (സ്വഗവേഷണങ്ങളിൽ പങ്കാളിയാക്കൽ) | ജൂലൈ മാസത്തിലും | SITC | |

വിവര സാങ്കേതിക വിദ്യ

പ്രവർത്തനം 1

പേര് : പ്രവൃത്തി പരിചയ ശില്പശാല

ഉപശേഷി : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തന രീതി | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ ഉൾപ്പെടുത്തി കുട്ടികളിലൂടെ വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, നിർമ്മാണം, ചന്ദനത്തിരി, ലോഷൻ, പാവ, ചോക്ക് etc. | സെപ്തംബർ | C.T | |

പ്രവൃത്തിപരിചയം

പ്രവർത്തനം 1
പേര് : സർഗവേദി
ഉപവേദി : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | ആഴ്ചയിൽ | CT SRG | |

പ്രവർത്തനം 2
പേര് : ടാലന്റ് ലാബുകൾ
ഉപവേദി : -

| | | | | |
|---|---|---|---|---|
| ഓരോ കുട്ടിയും ഉന്നതമായത് അർഹിക്കുന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ ഒരുക്കുക. | നൃത്തം, അഭിനയം, ചിത്രരചന, ക്രാഫ്റ്റ്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | മാസത്തിൽ . | SRG PTA | |

പ്രവർത്തനം 3
പേര് : പ്രകടന വേദികൾ
ഉപവേദി : സ്കൂളിൽ വിവിധ പ്രകടനങ്ങൾ

| | | | | |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സർഗ്ഗാത്മക കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ സ്കൂൾ ചാനൽ വഴി സമൂഹമായി പങ്കുവെക്കൽ | ജൂൺ to March | SRG CT | |

സർഗവേദി

പ്രവർത്തനം. 1

പേര് : കായികാരോഗ്യം

ഉപമേഖല :- യോഗ, സൂംബ ഡാൻസ്

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| മനസ്സിന്റെ ശക്തി ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും വരിക്കാൻ പ്രാപ്തരാക്കുക. | യോഗക്ലാസ്<br>സൂംബ ഡാൻസ് പരിശീലനം | വർഷം മുഴുവൻ | | |
| ഹെൽത്ത് ചെക്കപ്പ്<br>ഉപമേഖല :- ആരോഗ്യം | | | | |
| എല്ലാകുട്ടികൾക്കും കായികക്ഷമത ഉറപ്പുവരുത്തുക. | എല്ലാകുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ്. | June സെപ്റ്റംബർ | PTA | |

പ്രവർത്തനം. 1
പേര് :- അതിഥിയെ അറിയാൻ
ഉപമേഖല :- സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹ്യപരമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | മാസത്തിൽ | C.T | |

പ്രവർത്തനം. 2
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല :- പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | police station, post office, പഞ്ചായത്ത്, വില്ലേജ്, hospital മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | മാസത്തിൽ | CT | |

സാമൂഹ്യശാസ്ത്രം.